(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ആരെല്ലാം ഏതെല്ലാം പോലീസ് അധികാരികളുടെ കസ്റ്റഡിയി ലിരിക്കുമ്പോഴാണ് മരിച്ചത്;

(സി) ഇതു സംബന്ധിച്ച് കേസ്സുകൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്ത് എന്ന് വ്യക്ത മാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്ത് നടന്ന സ്ഫോടനങ്ങൾ

40 (73)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് എത്ര സ്ഫോടനങ്ങളുണ്ടായി;

(ബി) ഇവയിൽ കണ്ണൂർ ജില്ലയിൽ മാത്രം എത്ര സ്ഫോടനങ്ങൾ ഉണ്ടായി;

(സി) ഈ സ്ഫോടനങ്ങളിൽ മരിച്ചവർ, അംഗഭംഗം വന്നവർ, പരി ക്കേറ്റവർ എന്നിവർ എത്ര പേരുണ്ട്;

(ഡി) ഇവരിൽ ഓരോ രാഷ്ട്രീയകക്ഷികളിൽപ്പെട്ടവരോ അവരുടെ അനുഭാവികളോ ആയ എത്ര പേർ വീതമുണ്ടെന്ന് പറയുമോ;

(ഇ) ഈ കാലഘട്ടത്തിൽ നടന്ന സ്ഫോടനത്തിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(എഫ്) ഇവയിലെ പ്രതികൾ ഏതെല്ലാം രാഷ്ട്രീയകക്ഷികളിൽപ്പെടു ന്നവരാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 265

(ബി) 133

(സി) മരിച്ചവർ 70

പരിക്കേറ്റവർ 231

അംഗഭംഗം സംഭവിച്ചവർ 17

(ഡി) സി.പി.ഐ.(എം) 53

ബി.ജെ.പി./ആർ.എസ്.എസ്. 36

എ.ബി.വി.പി. 11

കോൺഗ്രസ് (ഐ) 17

ഐ.യു.എം.എൽ 3

എൻ.ഡി.എഫ് 1

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 260.

(എഫ്) ബി.ജെ.പി./ആർ.എസ്.എസ്. കോൺഗ്രസ്(ഐ), ഐ.യു. എം.എൽ., സി.പി.എം., എൻ.ഡി.എഫ്., ജെ.എസ്.എസ്., കെ.ഡി.പി., എന്നീ രാഷ്ട്രീയകക്ഷികളിൽപ്പെട്ടവരാണ്.

സ്കൂളിൽ ബോംബുപൊട്ടിയ സംഭവം

41 (74)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ സ്കൂളിൽവച്ച് ഒരു ബാഗ് താഴെ വീണ് ബോംബ് പൊട്ടിയ സംഭവത്തെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയാക്കി കേസ്സ് ചാർജ്ജ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) പാനൂർ സ്കൂളിൽ ബോംബ് പൊട്ടിയത് സംബന്ധിച്ച് പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 148/99 ആയി രജിസ്റ്റർ ചെയ്ത് കേസ്സ് അന്വേഷണം പൂർത്തിയാക്കി 4.8.1999-ൽ തലശ്ശേരി അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കളക്ടറേറ്റ് വളപ്പിൽവച്ച് ബോംബ് പിടിച്ച സംഭവം

42 (75)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കളക്ടറേറ്റ് വളപ്പിൽവച്ച് 1999 നവംബർ മാസം സ്റ്റീൽ ബോംബുമായി ആരെയെങ്കിലും പോലീസ് അറസ്റ്റ് ചെയ്തോ; എങ്കിൽ ആരെ യെല്ലാമാണ് അറസ്റ്റ് ചെയ്തത്;

(ബി) അറസ്റ്റ് ചെയ്യപ്പെട്ടവരുടെ രാഷ്ട്രീയ ചായ്വ് വെളിപ്പെടു ത്തുമോ;

(സി) ഈ കേസ്സിന്റെ അന്വേഷണം പൂർത്തിയായോ;

(ഡി) ആദ്യം അന്വേഷിക്കാൻ നിയോഗിച്ച ഉദ്യോഗസ്ഥനെ മാറ്റാൻ കാരണമെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 19-11-99-ന് വൈകുന്നേരം ആർ.ടി.ഒ. ഓഫീസ് പരിസരത്തു വച്ച് ബോംബുകൾ സഹിതം സി.പി. പ്രജിത്, വി. രാജേഷ്, പി. രതീശൻ, എ.സി. ബാബു, എ. രാജേഷ് എന്നിവരെ പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്.

(ബി)&(സി) കേസന്വേഷണം നടന്നുവരുന്നു.

(ഡി) കേസ്സ് കണ്ടുപിടിച്ച് എഫ്.ഐ.ആർ. രജിസ്റ്റർചെയ്ത ഉദ്യോ ഗസ്ഥൻ അല്ലാതെ മറ്റൊരു ഉദ്യോഗസ്ഥൻ അന്വേഷണം നടത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly